**1. There is an inherent interconnectedness in the sources of the catechesis**, one points to the other, while all sources tracing its origin back to the word of God (90). Sacred Scripture presents in an unmistakable way, God as the source of all splendour and beauty. The Old Testament shows creation, with humanity at its pinnacle, as something that is good and beautiful, not so much in the sense of order and harmony but of gratuitousness, free of functionalism (106). In the New Testament, all beauty is concentrated in the person of Jesus Christ, revealer of the divine who "reflects the glory of God and bears the very stamp of his nature" (Hb 1:3). His gospel is captivating because it is news that is beautiful, good, joyful, full of hope. He, "full of grace and truth" (Jn 1:14), taking humanity upon himself, recounted through the parables the beauty of God's activity.

"Proclaiming Christ means showing that to believe in and to follow him is not only something right and true, but also something beautiful, capable of filling life with new splendour and profound joy, even in the midst of difficulties" (Francis, *Evangelii Gaudium*, 24). Catechesis must always convey this beauty of the Gospel that resounded from the lips of Jesus for all, the poor, the simple, sinners, tax collectors and prostitutes, who felt welcomed, understood, and helped, invited and educated by the Lord himself… (175).

**2. The 'way of beauty'** (*via Pulchritudinis*)": The church, therefore, bears in mind that to reach the human heart, the proclamation of the Risen One must shine forth with goodness, truth and beauty. In this sense, it is necessary "that every form of catechesis … attend to **the 'way of beauty'** (*via Pulchritudinis*)". "Every expression of true beauty can be acknowledged as a path leading to an encounter with Lord Jesus…In this regard, each particular Church should encourage the use of arts in evangelization, building on the treasures of the past but also drawing upon the wide variety of contemporary expressions so as to transmit the faith in a new "language of parables" (Francis, *Evangelii Gaudium 167,* and cf. Pontifical Council for Culture, *The Via Pulchritudinis, Privileged Pathway for Evangelization and Dialogue: Concluding Document of the Plenary Assembly*, 2006).

**3. For Thomas Aquinas,** Beauty includes three conditions, 1) integrity or perfection, 2) due proportion or harmony, and 3) brightness or clarity. The beautiful is the same as the good, and they differ in aspect only. For since good is what all seek, the notion of good is that which

calms the desire; while the notion of the beautiful is that which calms the desire, by being seen or known. Thus, it is evident that beauty adds to goodness a relation to the cognitive faculty: so that "good" means that which simply pleases the appetite; while the "beautiful" is something pleasant to apprehend (*Summa Theologiae*, Ia q. 39, a. 8). All beauty can be a path that helps lead to the encounter with God, but the criterion of its authenticity cannot be only that of aesthetics. There must be discernment between true beauty and the forms that are apparently beautiful but empty, or even harmful, like the forbidden fruit in the earthly paradise (108). Beauty is always and inseparably immersed with goodness and truth. Therefore, contemplating beauty elicits within us sentiments of joy, pleasure, tenderness, meaning, thus opening us to the transcendent. The way of evangelization is the way of beauty, and therefore every form of beauty is a source of catechesis.

**4. This beautiful word of God is dynamic**: it grows and spreads of its own accord (Acts 12:24), and "is unpredictable in its power, grows by itself" (Mark 4: 26-29). The church has to accept this mysterious freedom of the word, which accomplishes what it wills in ways that surpass our calculations and ways of thinking" (Francis, *Evangelii Gaudium*, 22). Like Mary, the Church as well professes: "let it be to me according to your word" (Luke 1:38). The beautiful word of God is, therefore is at the origin of the Church's very mission, which illuminates, purifies, converts, and we are only servants (284). The Church carries out her ministry of the word as a task of mediation: she proclaims it in every place and time; she safeguards it, transmitting it, unchanged to the different generations (2Tim 1:14); she interprets it with the charism proper to the Magisterium; she proclaims it with fidelity and trust…she unites new believers to herself (285).

One of the concrete forms of *the way of pulcheritidinis* is **synodal practice**, which is realised at the universal and local level and is expressed in the different synods or councils. Today, a renewed awareness of the missionary identity requires a greater capacity for sharing, communication, and encounter, so as to journey together on the path of Christ and in docility to the Spirit. This catechesis, evangelization, of synodal practice of the ministry of the word is realised concretely in the contexts of the different ecclesial traditions and particular churches, in their various branches (289). As Charles Taylor rematks, "the word *katholu* means two related things: universality and

wholeness, one might say universality through wholeness." (Charles Taylor, *The Catholic Modernity*, 1999, 14). The universality of the catholic church is anchored by its unity in diversity. The wholeness is the result of complimentarity, not absolute identical sameness. "Complimentarity and identity will be both part of our ultimate oneness." (*CM*, 14). The beauty of the catechesis and of the Catholic church is not to forget the complimentarity, and to go straight for the sameness, making many people as possible into good Catholics – and in the process failing of catholicity, failing of catholicity because failing of the beauty of the wholeness! The Wholeness and beauty of the diversity is the result of the work of the apostles which is the mysterious way of the of the work of Holy Spirit. It is evident in the unity of the Churches of the Catholic Church.

The Eastern Churches are distinguished for their venerable antiquity, and the tradition that has been handed down from the Apostles through the Fathers that forms part of the divinely revealed and undivided heritage of the universal Church (*Orientalium Ecclesiarum*, 1). These treasures have always contributed to evangelization. The Eastern Churches have the right and the duty to preserve them, to know them, and to live them *(COC, Instruction for the Application of the Liturgical Prescriptions of the Code of Cannons of the Eastern Churches, 6th January 1996, 10),* doing all they can to avoid losing their identity and catechesis has a privileged role in this. In the presentation of catechesis, it is therefore necessary that "the biblical and liturgical emphasis as well as the traditions of each Church *sui iuris* in patrology, hagiography, and iconography (be) highlighted" (*CCEO*, 621, 2) (290)

**5. The 'catechetical mystagogy' in the Eastern Churches:** Relationality between Liturgy and Catechesis in the Eastern Rites enhances the beauty of the catechesis. "It is expressed as 'catechesis' for the catechumens and 'mystagogy' or 'catechetical mystagogy' for the initiates in the divine mysteries… By understanding what they celebrate and from the full assimilation of what they have celebrated, they draw a plan for life: mystagogy is thus the content of their existence, redeemed, sanctified, and on the path of divinisation and as such, is the foundation of spirituality and morals" (291). The root of "mystagogy" is "agogy," which comes from the Greek word "agogos." That means "leader." So, pedagogy, for example, is about leading (or

teaching) children. A synagogue is a gathering place (*syn*-"together") to which people are led. Mystagogy is a process of leading (or training) into the mystery. Or, perhaps a better way to say that is that mystagogy is initiation into that which is not yet fully revealed (Nick Wagner, A Step by step guide to Mystagogy).

The mystagogical catechetical process of the individual Eastern Churches concretely has as a starting point in their own specific liturgical celebrations (CCEO c.41). The East Expresses in a beautiful and living way the reality of their tradition and patrimony in Liturgically bound catechesis. St. John Paul II, in his Apostolic Letter *Orientale Lumen* (1995) insights into the depth and beauty of Eastern worldview and spirituality. Oriental Churches have displayed a great sense of adaptability to the cultures where they started. A great sense of reverence for the Sacred Tradition and at the same time full of expectation for the future is another aspect of oriental theology. "The Liturgical celebrations of the Eastern churches are remarkable in their appeal to both intellectual and the sensory faculties of the person. All its liturgy, in particular is commemoration of the salvation and an invocation of the Lord's return…We must show people the beauty of memory, the power of that comes to us from the spirit and makes us witnesses because we are children of witnesses; we must make them taste the wonderful things the spirit has wrought in his history; we must show that it is precisely Tradition which has preserved them, thus giving hope to those who, even without seeing their efforts to do good crowned by success, know that someone else will bring them to fulfilment; therefore man will feel less alone, less enclosed in the narrow corner of his own individual achievement" (*Orientale Lumen* -8).

St. John Paul II explains "… one of the first great values embodied particularly in the Christian East is the attention given to the peoples and their cultures, so that the Word of God and His praise may resound in every language. I reflected on this topic in the Encyclical Letter *Slavorum Apostoli*, where I noted that Cyril and Methodius "desired to become similar in every aspect to those to whom they were bringing the Gospel; they wished to become a part of those peoples and to share their lot in everything"; "it was a question of a new method of catechesis." (*Orientale Lumen*- 7)

The new method of catechesis envisioned by St. John Paul II, that is 'become part of the people' echoes our duty to attend to 'the right to

catechesis'. Every one of the baptised, is called to the maturity of faith, the right to adequate catechesis. It is therefore church's task to respond to this in a satisfactory manner. "The gospel is not intended for humanity in the abstract, but for each human being, real, concrete, historical, rooted in a particular situation and marked by psychological, social, cultural, and religious dynamics, because "each one is included in the mystery of the Redemption" (John Paul II, *Redemptor Hominis*,13). It is, therefore, reasonable to offer pathways of catechesis that vary based on the participants' different needs, ages and states of life. Therefore, it is indispensable to respect anthropological, developmental, and theological pastoral realities… (224-225), of all people including migrants, and emigrants.

**6. Catechesis for Migrants and Emigrants:** Migration is a worldwide phenomenon involving millions of persons and families that migrate within their own countries, generally in the form of urbanisation, outsourcing jobs, and sometimes passage to new nations and countries. "(Migration) is a striking phenomenon because of the sheer numbers of people involved; the social, economic, political, cultural and religious problems raise, and the dramatic challenges it poses to nations and the international community" (Benedict XVI, *Caritas in Veritate*, 62). All the churches are involved in this, in that they belong to countries of origin, transit, or destination for migrants. It is not a few cases; the migratory process involves not only grave humanitarian problems but also the abandonment of religious practice and a crisis for the convictions of faith (273).

The Church, as "mother without boundaries and without borders" (Francis, Address to the participants in the 7th Congress for *the pastoral care of migrants*, 21st November 2014, 6), welcomes migrants and refugees, sharing with them the gift of faith. Wherever it is possible, offering catechesis that considers the ways of understanding and practising the faith typical of the countries of origin, constitutes a valuable support for the Christian life of migrants, above all for the first generation. Great importance is to be attached to the use of the mother tongue, because it is the first form of expression of their identity.

Moreover, Christian migrants living their faith become proclaimers of the gospel in the receiving countries, thus enriching the spiritual fabric of the local church and strengthening its mission with their own cultural and religious tradition. For example, the mystagogical catechetical

tradition of the Eastern migrant Catholics have an irrefutable witnessing and illuminating value for the local church host Church. The fusion and inter-culturation of different faith traditions strengthen both the host and the guest. The young families of the migrant Eastern Catholics, and their vibrant living of faith, especially in community worship, catechism, liturgy, are results of the mystagogical dimension of the Eastern faith and Liturgy. "It is indispensable that there be dialogue and the closest possible collaboration between the Church of origin and the church of reception. This collaboration allows the reception of catechetical content in one's first language and tradition and helps in the preparation of catechists who are adequate to the task of accompanying migrants in the journey of faith" (276).

The relationship between the Churches of origin and their children are not interrupted with the conclusion of the migratory process and stabilisation in a different place, inside or outside the borders of the country. For the sake of guaranteeing emigrants the possibility of keeping the faith lived out in the country of origin and to provide spiritual and material assistance, some episcopates send abroad priests, consecrated persons, and laity inspired with missionary spirit, in order to accompany and bring together the faithful originally from their country. It often includes the offering of catechetical programmes for Christian initiation and ongoing formation, conducted in the language and according to the traditions of the churches of origin. This constitutes a valuable tool for the Christian life of the emigrant communities, as well as for the spiritual richness of the host churches.

**7. Syro-Malabar Church:** The Syro-Malabar Church being the largest Eastern Catholic Church after the Ukrainian Church with 5 million believers is open to the positive changes while anchored in her tradition of mystagogical catechesis. Deeply rooted in her awareness of having received her faith from St. Thomas the apostle, she has been open to new and positive influences from different sources at different phases of her history. The ancient East Syrian Liturgical anaphora or Eucharistic Prayer – Anaphora of Mar Addai and Mar Mari – is one of the oldest in Christianity, dating back to $4^{th}$ Century. It is known as *Gemma Orientale* (the Gem of the East) in liturgical circles. As Sacred Liturgy is the source and submit of Christian life, our spirituality and catechesis flows from this beautiful liturgy. Though culturally and geographically far removed from the life situation of many of the Eastern Churches,

all special features of Oriental Churches are evident in Syro-Malabar Church. She harmoniously blended in her life the mystagogical strands of Easter Christianity and Indian tradition: Essentially Dynamic- Profoundly Personal (My Lord and My God)- Profoundly Ecclesial (Let us Go and Die with Him). It is a cyclic- symmetry of – Personal experience leading to Ecclesial Witness and Ecclesial Witness leading to Personal Experience (*Living Stones*, Pastoral Plan for the Eparchy of Great Britain 2017-2022). '*Erga Migrantes Caritas Christi'*, Holy Father John Paul II's instruction on the pastoral care of migrants, observes the growing number of Eastern Rite Catholics in the Western World and their duty and right to follow their liturgical tradition. 'Eastern Rite Catholic migrants, whose numbers are steadily increasing, deserve particular pastoral attention. In their regard we should first remember the juridical obligation of the faithful to observe their own rite everywhere insofar as possible, rite being understood as their liturgical, theological, spiritual and disciplinary heritage (cf. *CCEO* Can. 28, §1).

**8. Challenges and Promises**

The Eastern Rites by their very nature of origin establish Liturgical catechesis which has one purpose: "to initiate people into the mystery of Christ (It is 'mystagogy') by proceeding from the visible to the invisible, from the sign to the thing signified, from the 'sacraments' to the 'mysteries'" (*CCC* 1075). A catechesis that initiates the faithful into the mystery of Christ is called a mystagogical catechesis. Benedict XVI has described the elements essential to an effective mystagogical catechesis. First, it interprets the sacramental rite in the light of salvation history. Second, it presents the meaning of the signs within the rite, and thirdly, it explains how the sacrament touches every aspect of one's life. By understanding what they celebrate and from the full assimilation of what they have celebrated, they draw a plan for life: mystagogy is thus the content of their existence, redeemed, sanctified, and on the path of divinisation and as such, is the foundation of spirituality and morals. Eastern liturgy and catechesis are, therefore, more intuitive – of the heart, life- pertaining, and leading to lived experience receiving the grace from the sacramental celebrations.

Creating a common platform and situating the Eastern mystagogical Catechetical tradition in the Western pedagogical tradition of the catechesis is one of the major challenges that migrant catholic communities face in the West. Due to the non-mystical and secularist

tendency among the youth who are mostly mystified by digital culture, fragmented by secularism, and consumerism, who mostly influence the youngsters of the migrant community, the Church with all her machinery of catechesis either mystagogical or pedagogical often feel stripped off of any evidential results for the hard work done. However, the way of beauty (*pulcheritudinis*) of the catechesis always mysterious and the seed of it grows even in unfertile lands because the providence of God is beyond human comprehension.

Notwithstanding, being partially a Latinised church due to the 16th Century Portuguese interference, the Syro-Malabar Church accepts with joy the inculturation and inter-culturation that happens, which itself is a mystic experience of being and witnessing one’s faith in the given context. As already mentioned above, the reciprocity and relationality of the Western and the Eastern faith traditions enrich and illumine each other’s faith. Though the devastating effects of secularism and intellectualism have hit hard at the Eastern Catholic faith orientations, Faith remains part of one’s life -situatedness rather than a choice or a commitment that one makes in life. One is born into his/her faith; it is familial, social, cultural, and as already seen it is more intuitive - of the heart. Multi- rites of Catholics co-existing in the West, that is, the presence of the Eastern Catholics in the West, gives the Western Church a renewed alignment with the church’s historic ministry of catechesis, which necessitates the West to comprehensively understand the God-centred, experiential, lifelong, communal, and mission-centred nature of catechesis. Ancient church practice of educating the affections, in contrast to post-Enlightenment intellectual indoctrination, requires mystagogical immersion of the human heart and life in the love of God. Mystagogical catechesis prevents the formation of superficial faith through pedagogical practices that: recognize the liturgical nature of faith and life; engage the whole person; aim for the heart; envision the journey; provoke wonder; and cultivate worship. If I am not mistaken, the Syro-Malabar Eparchies and missions of Syro-Malabar Religious men and women in diaspora envision the same by its unique patrimony of ‘Sunday School’. This mandatory requirement on their journey towards the maturation of faith become a lived experience of the mystery of salvation.

Philosophically speaking, language is the vehicle of culture. I believe, if one loses his language, he loses his born and bred culture, and if he loses his culture, he loses his faith, and if he loses his faith, he loses his

family. Each Liturgy of the Eastern Church was born from one of the ancient languages, and the traditions and culture of individual peoples is appropriately admitted into divine worship in the particular churches' liturgy. Due to migration and emigration to a different culture and language settings, Particular rites face an existential crisis in losing the language, culture, and thus leading to the land-slide erosion of the faith and family values. Though seems cynical, I often tend to think of the mediaeval proverb, *Birds of the same feather flock together*, which viewed catholically seem to be strange but would suffice to as a means to preserve the tradition and patrimony of each particular Church, because inter-culturation and integration into different faith cultures sometimes fail to see the expected result of mutual enrichment and growth lived experience of faith.

**Conclusion:** I sum up, with the thought of Charles Taylor as a means for effective catechesis: the universality and wholeness of the catholic faith is realised not through sameness but through complimentarity and diversity. The Directory of Catechesis's re-emphasis on the mystagogical method of catechesis is the best way to accomplish this end, which used to be the heart of the catechesis of early Catholicism both in the East and the West. This "mystagogia demands a changing awareness with openness to variety of experience, a playful imagination, faithfulness to the tradition, clarity of purpose and a social kind concern with the world" (Thomas Matthew Keeperathu, *Significance of the Sacraments of Initiation*, 2008). Mystagogical catechesis, *via pilchritudinis*, retrieves the past and discovers meaning in the present. It rereads the liturgical experience in the present situation and appropriates those meanings, which have been discovered into the life of the person and the community. The role of mystagogia then is to create communities of compassion, which means that the community's liturgical experience is appropriated at such levels of significance that the very nature of the community's being is transformed into the mystery of Christ.

(This article is the summary of the presentation done by the author at St. Henry Newman Institute, and Marvale Catholic Institute, Birmingham, UK on 1 June 2021).

◆

# അന്വേഷിയുടെ കാതൽ

**ഫാ. ജോസ് താമരക്കാട്ട്**

"ഞാൻ ആരാണ് എന്ന ആത്മവിചാരമാണ് എല്ലാത്തരം ദു:ഖനിവൃത്തിക്കും പരമാനന്ദപ്രാപ്തിക്കുമുള്ള പ്രധാന ഉപായം" എന്ന് ശ്രീരമണ മഹർഷി എഴുതിയിട്ടുണ്ട്. ഞാൻ ആരാണ്, എന്താണ് എന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം, ഞാൻ എവിടെ നിന്ന് വന്നു, ഞാൻ എവിടേയ്ക്ക് പോകുന്നു എന്നു തുടങ്ങിയ അടിസ്ഥാന പരമായ അന്വേഷണങ്ങൾ അറിഞ്ഞോ അറിയാതെയോ മനുഷ്യജീവിതത്തിൽ നിരന്തരം നടക്കുന്നുണ്ട്. അതിനർത്ഥം മനുഷ്യജീവിതം എന്നത് അതിൽത്തന്നെ പൂർണ്ണമല്ല, അതിന്റെ പൂർണ്ണതയിലേക്കുള്ള പ്രയാണത്തിലാണ് എന്നാണ്. ഒരു അന്വേഷിയുടെ മനസ്സ് മനുഷ്യനിൽ എന്നും ഉണ്ട്.

സുവിശേഷത്തിൽ നമ്മൾ സവിശേഷമായ ഒരു അന്വേഷിയുടെ മനസ്സ് കാണുന്നുണ്ട്: "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" എന്നു പറയുന്ന ദിദിമോസ് എന്ന് വിളിക്കപ്പെടുന്ന തോമസിന്റെ മനസ്സാണത്. അവിശ്വാസിയുടെ വാക്കുകൾ എന്ന് അതിനെ പലപ്പോഴും വിശേഷിപ്പിക്കാറുണ്ടെങ്കിലും അത് അവിശ്വാസത്തെ മറികടന്ന്, താൻ അനുഗമിച്ചവനെ തൊട്ട് വിശ്വസിക്കുന്നതിനുള്ള അന്വേഷിയുടെ കാതലായ വാക്കുകളാണ്.

തന്റെ കൂടെ ഉണ്ടായിരുന്നവരെല്ലാം അവനെക്കണ്ടു എന്ന് പറഞ്ഞപ്പോൾ ശരിക്കും തോമസിന്റെ ഹൃദയം ഒത്തിരി വേദനിച്ചിരിക്കാം. അതുകൊണ്ട് അവൻ ഒരു തീരുമാനമെടുത്തു; 'മുറിവേറ്റവനെ, ഉത്ഥിതനായവനെ നേരിട്ട് കാണണം'. ഈ ഒരു ആഗ്രഹം തോമസിനെ അന്വേഷണത്തിലേക്ക് നയിച്ചു. ആ അന്വേഷണം അവനെ ക്രിസ്തുവിന്റെ തിരുമുറിവുകളിലെത്തിച്ചു.

സമർപ്പണജീവിതവും ക്രിസ്തുവിന്റെ തിരുമുറിവുകൾ അന്വേഷിച്ചുള്ള ഒരു യാത്രയാണ്. അവന്റെ തിരുമുറിവനുഭവത്തിലാണ് സമർപ്പണ ജീവിതത്തിന്റെ പൂർണ്ണത കണ്ടെത്തേണ്ടത്. സമർപ്പണ ജീവിതത്തിലെ ഈ അന്വേഷണം സാധ്യമാകുന്നത്

എമ്മാവൂസ് അനുഭവത്തിലൂടെയാണ്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് ഈശോ വചനം പങ്കുവച്ച് നൽകിയപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചു, അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ കണ്ണുകൾ തുറന്നു. അപ്പോൾ മുതൽ അവരുടെ കാഴ്ചയും കാഴ്ചപ്പാടുകളും മാറി. അവർ പുതിയ മനുഷ്യരായിത്തീർന്നു. നവസന്യാസ കാലഘട്ടത്തിൽ നവസന്യാസഗുരു അൾത്താരയിൽ എഴുതി വയ്ക്കാനും ഹൃദയത്തിൽ ചേർത്തുവയ്ക്കാനും പറഞ്ഞ വാക്കുകളും ഇത് തന്നെയാണ്; "Eyes to be opened, hearts to be ignited.'

സമർപ്പണജീവിതത്തിൽ നമ്മുടെ കണ്ണുകൾ തുറക്കുകയും ഹൃദയം ജ്വലിക്കുകയും ചെയ്യുമ്പോഴേ ക്രിസ്തുവിന്റെ തിരുമുറിവുകൾ കണ്ടെത്താൻ കഴിയൂ. അപരന്റെ മുറിവിൽ ദൈവത്തെ കണ്ടെത്തിയ നല്ല സമരിയാക്കാരന്റെ കഥയിൽ യേശു പറഞ്ഞ “നീയും പോയി അതുപോലെ ചെയ്യുക' എന്ന വചനം ക്രിസ്തുവിന്റെ തിരുമുറിവിലേക്കുള്ള യാത്രയ്ക്കായി നമ്മുടെ ബഹുമാനപ്പെട്ട വല്ല്യച്ചനെ പ്രേരിപ്പിച്ചു. ഇതുപോലെ നമ്മുടേയും അകക്കണ്ണു തുറന്നില്ലെങ്കിൽ കരയുന്നവന്റെ കണ്ണിൽ നിന്നും ഒഴുകുന്ന കണ്ണുനീർ മാത്രമേ നമ്മൾ കാണുകയുള്ളൂ, ആ കണ്ണുനീരിന് പിന്നിലെ വേദന കാണാൻ കഴിയുകയില്ല. പാപിനിയായ സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന ആളുകൾ പുറമെയുള്ള കണ്ണുകൾ കൊണ്ട് മാത്രമാണ് അവളെ നോക്കിയത്. പക്ഷേ, യേശു കുനിഞ്ഞിരുന്ന് നിലത്തെഴുതുമ്പോഴും അകക്കണ്ണുകൊണ്ട് അവളെ നോക്കുകയായിരുന്നു. അതു കൊണ്ടാണ് അവളുടെ മനസ്സിന്റെ വേദനയും അനുതാപവുമെല്ലാം മനസ്സിലാക്കാനും 'മകളേ' എന്ന് വിളിച്ചുകൊണ്ട് അവളെ ആശ്വസിപ്പിക്കാനും കഴിഞ്ഞത്. വിധവയുടെ നാണയ ത്തുട്ടുകളെക്കുറിച്ച് ബൈബിളിൽ കാണുന്നുണ്ട്. എല്ലാവരും നോക്കുമ്പോൾ വില കുറഞ്ഞ ചെമ്പ് നാണയങ്ങളാണ് ദേവാലയഭണ്ഡാരത്തിൽ അവൾ നിക്ഷേപിച്ചത്. പക്ഷേ, ഈശോ അകകണ്ണുകൊണ്ടാണ് അവളെ നോക്കിയത്. അതുകൊണ്ടാണ് അത് അവളുടെ ജീവിതം മുഴുവനായുള്ള ഒരു സമർപ്പണമാണ് എന്ന് അവൻ തിരിച്ചറിഞ്ഞത്.

ജീവിതത്തിൽ അകക്കണ്ണ് തുറന്നു കൊണ്ട് അപരനെ മനസ്സിലാക്കാനും സ്നേഹിക്കാനും തുടങ്ങുമ്പോഴല്ലേ നമ്മുടെ

സമർപ്പണത്തിനും അർത്ഥമുണ്ടാവുകയുള്ളൂ. ബുദ്ധിയുടെ തലത്തിൽ ഏറെ നമ്മൾ മുന്നോട്ട് പോയിട്ടുണ്ടാവാം, പക്ഷേ സ്നേഹത്തിന്റെ തലത്തിൽ ഏറ്റവും മുൻപന്തിയിലെത്താനാണ് നാം ശ്രമിക്കേണ്ടത്. അതായത് മനുഷ്യനെ മനസ്സിലാക്കി സ്നേഹിക്കുമ്പോഴാണ് നമ്മുടെയൊക്കെ സമർപ്പണം അർത്ഥമുള്ള സമർപ്പണജീവിതമായി മാറുക.

കുമാരനാശാന്റെ 'വീണപൂവ്' എന്ന കവിതയിൽ നാം ഇപ്രകാരം വായിക്കുന്നു.

'ഒന്നല്ലി നാ, മയി സഹോദരരല്ലി, പൂവേ,

ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം'

ദൈവത്തിന്റെ കരങ്ങൾകൊണ്ട് സൃഷ്ടിക്കപ്പെട്ട നമ്മളെല്ലാം സഹോദരർ അല്ലേ എന്ന് സാരം. ക്രിസ്തുവിന്റെ മുറിവ് അന്വേഷിച്ച് കണ്ടെത്തിയ തോമാശ്ലീഹായെപ്പോലെ നമ്മളും അന്വേഷിക്കുക - ക്രിസ്തുവിന്റെ മുറിവുകൾ. അത് ദേവാലയത്തിൽ മാത്രമല്ല കണ്ടെത്താനാവുക, വേദനിക്കുന്ന ഓരോ മനുഷ്യരിലുമാണ്. വേദനിക്കുന്ന മനുഷ്യന്റെ മുറിവുകളിലും ക്ലേശങ്ങളിലും ക്രിസ്തുവിനെ കണ്ടെത്തി അവരെ ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് ക്രിസ്തുവിന്റെ മുറിവ് തേടിയുള്ള നമ്മുടെ അന്വേഷണം പൂർണ്ണതയിൽ എത്തുകയുള്ളൂ. അതിന് നമ്മുടെ കണ്ണുകൾ തുറക്കണം, ഹൃദയം ജ്വലിക്കണം.

നമ്മുടെ സുഖം മാത്രമല്ല, അപരന്റെ സുഖവും അന്വേഷിക്കുക. നമ്മുടെ ദു:ഖം മാത്രമല്ല  വലുതെന്നറിയുക, അപരന്റെ ദു:ഖവും നമ്മുടെ ദു:ഖമായി കണ്ട് ആശ്വസിപ്പിക്കുക. നമ്മുടെ ഓരോ പ്രവൃത്തികളും അപരന് നന്മയായിത്തീരുന്ന പ്രവൃത്തികളാക്കി മാറ്റുക. അതായത്,

"അവനവനാത്മസുഖത്തിനായാചരിക്കുന്നവ

അപരന് സുഖത്തിനായ് വരേണം"

(ആത്മോപദേശശതകം) ◆

# മരിക്കാത്ത ഓർമ്മകൾ

**ഫാ. ജോസ് തടിക്കൽ സി.എസ്.റ്റി.**

"തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്."

നമ്മിൽനിന്നും ദൈവസന്നിധിയിലേക്ക് പറന്നുയർന്ന എബിൻ കുഴിമുള്ളിൽ അച്ചന്റെ മരിക്കാത്ത ഓർമ്മകൾ കുടുംബത്തിനും ചെറുപുഷ്പ സഭയ്ക്കും സുഹൃത്തുക്കൾക്കും അതിയായ വേദന ഉളവാക്കുന്നതാണ്. എന്നാൽ വളരെ ചുരുങ്ങിയ ആ ജീവിതം നമുക്കെല്ലാം വലിയ പ്രചോദനവുമായി മാറുകയും ചെയ്യുന്നുണ്ട്. 2003 ജൂൺമാസം പൂവത്തോടുള്ള ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചപ്പോൾ ഞങ്ങൾ ഒരു ബാച്ചായി തീർന്നത് ദൈവത്തിന്റെ പദ്ധതിപ്രകാര മായിരുന്നു. സൗഹൃദം കൊണ്ടും സ്നേഹംകൊണ്ടും പരിലസിച്ച അച്ചന്റെ ജീവിതം ഞങ്ങൾ സുഹൃത്തുക്കൾക്കും പരിചയപ്പെടുന്ന മറ്റ് ആർക്കും മറക്കാത്ത ഓർമ്മകൾ സമ്മാനിക്കുന്ന വിധത്തിലുള്ളതായിരുന്നു.

ബന്ധങ്ങളുടെ മനുഷ്യൻ എന്നാണ് അച്ചനെ വിശേഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. എബിനച്ചന്റെ സൗഹൃദത്തിന്റെ വലയം വളരെ വിശാലമായിരുന്നു. സുഹൃത്തുക്കളെ സൃഷ്ടിക്കുക മാത്രമല്ല, സൗഹൃദം കാത്തുസൂക്ഷിക്കാനും പരിപോഷിപ്പിക്കാനും അച്ചന് നല്ലവണ്ണം അറിയാമായിരുന്നു. പഠിച്ച ഇടങ്ങളിലുള്ള സുഹൃത്തുക്കളെ വ്യക്തിപരമായി വിളിക്കാനും അവരെ ഒരുമിച്ചു ചേർക്കാനും സമയം കണ്ടെത്തിയിരുന്നു. എന്നെ വിളിക്കുമ്പോഴൊക്കെ വീടിനെ പറ്റിയും വീട്ടിലെ ഓരോ അംഗത്തെ പറ്റിയും അച്ചൻ അന്വേഷിക്കുമായിരുന്നു. ഈ സൗഹൃദം എന്നോടു മാത്രമായിരുന്നില്ലെന്ന് എനിക്ക് ഈ ദിവസങ്ങളിൽ മനസിലായി. സെമിനാരിയിൽ നിന്നും പാതിവഴിയിൽ പിരിഞ്ഞുപോയവർ, ശുശ്രൂഷ ചെയ്ത ഇടവകയിലെ സുഹൃത്തുക്കൾ ഇവരെയൊക്കെയും അന്വേഷിക്കുന്ന, സ്നേഹിക്കുന്ന സുഹൃത്തായിരുന്നു എബിനച്ചൻ. അച്ചനെ ഞങ്ങൾ 'അതിശയൻ' എന്നു വിളിക്കുമായിരുന്നു. അച്ചന്റെ ജീവിതവും

മരണവും അതിശയകരമായിരുന്നു. 3 വർഷത്തെ പൗരോഹിത്യം കൊണ്ട് അനേകം വർഷത്തേക്കാൾ ജീവിച്ചതുപോലെയും പ്രവർത്തിച്ചതുപോലെയും തോന്നിപ്പിക്കുന്നു. 33 വർഷക്കാലത്തെ ഇഹലോകവാസം മാത്രം. ശിഷ്യൻ ഗുരുവിനെ റോൾ മോഡൽ ആക്കേണ്ടവനാണ്. ഈശോ എന്ന ഗുരുനാഥന്റെ പ്രിയ ശിഷ്യൻ പ്രായത്തിലും പ്രവർത്തനത്തിലും മരണത്തിലും മറ്റൊരു ക്രിസ്തുവായി മാറി.

ഈശോയെപോലെ 30 വർഷത്തെ രഹസ്യജീവിതം, 3 വർഷത്തെ പരസ്യ ശുശ്രൂഷാജീവിതം. മരണത്തിൽ പോലും എബിനച്ചന് ആറടി മണ്ണ് ലഭിക്കാത്തവിധം അവിചാരിത സാഹചര്യങ്ങൾ. കൊറോണ ബാധിച്ചുള്ള മരണം. ഈശോയെ സ്നേഹിച്ചിട്ട് എന്തേ ഇങ്ങനെ ഒരു സഹനം? ആത്മാർത്ഥമായി ശുശ്രൂഷ ചെയ്ത എബിനച്ചനോട് ദൈവം എന്തേ ഇപ്രകാരം പ്രവർത്തിച്ചത്? ഒന്നു ആത്മാർത്ഥമായി കരയാൻ പോലും കഴിയുന്നില്ലല്ലോ, ആ മൃതശരീരം ഒരു ചുബനം നൽകി യാത്രയാക്കാൻ മാതാപിതാക്കൾക്കും ഞങ്ങൾ സുഹൃത്തുക്കൾക്കും കഴിഞ്ഞില്ലല്ലോ. ദൈവത്തോട് മറുതലിക്കാൻ, പരിഭവം പറയാൻ തോന്നിയ സംഘർഷം നിറഞ്ഞ നിമിഷങ്ങളായിരുന്നു സുഹൃത്തുക്കളായ ഞങ്ങൾക്ക്. എബിനച്ചന്റെ മരണവാർത്തയും തുടർന്നുള്ള മരണാനന്തര കർമ്മങ്ങളും ദു:ഖത്തിന്റെ തളംകെട്ടിയ നീറുന്ന നിമിഷങ്ങളാണ് സമ്മാനിച്ചത്. മൗനം മാത്രമായിരുന്നു ബാക്കി.

പ്രാർത്ഥിച്ചപ്പോൾ ആശ്വാസത്തിന്റെ ദൈവസ്വരം ശ്രവിക്കാൻ സാധിച്ചു. “തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്” (സങ്കീ. 116:15). “അവിടുത്തെ പരിശുദ്ധൻ ജീർണ്ണിക്കാൻ അവിടുന്ന് അനുവദിക്കുകയില്ല” (അപ്പ 2:27). ഭൂമിയിൽ വിശുദ്ധരായവരുടെ ശരീരം അഴുകാൻ ദൈവം അനുവദിക്കില്ല എന്നത് ചരിത്രസത്യമാണ്. പരിശുദ്ധ അമ്മയെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് കരേറ്റിയ ദൈവം, ഹെനോക്കിനെ കാറ്റിൽ സംവഹിച്ച ദൈവം, വി. ഫ്രാൻസിസ് സേവ്യർ, പാദ്രേപിയോ തുടങ്ങി അനേകം വിശുദ്ധരുടെ ശരീരം അഴുകാതെ നിലനിർത്തി. എബിനച്ചൻ എന്ന വിശുദ്ധനെ

ഈശോയ്ക്ക് ഇഷ്ടമായിരുന്നു. ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്തപ്പോഴുണ്ടായ വേദനയ്ക്കു നടുവിൽ ശരീരം ദൈവം ജീർണ്ണിക്കാൻ അനുവദിച്ചില്ല എന്നതും വലിയ ദൈവഹിതമായി കാണാൻ സാധിക്കുന്നു.

പൗരോഹിത്യ ജീവിതത്തിലും, പരിശീലന വഴികളിലും സ്ഥാപക കാരിസവും ചെറുപുഷ്പ ചൈതന്യവും എബിനച്ചനിൽ വിളങ്ങിയിരുന്നു. റിസ്ക് എടുത്ത് ഏതു കാര്യവും ചെയ്യാൻ അച്ചൻ എപ്പോഴും സന്നദ്ധനായിരുന്നു. സി.എസ്.റ്റി. സഭയുടെ അദീലാബാദ് രൂപതയിലെ ഗ്രാമോദ്ധാരണ മിഷനിലെ ആദ്യമിഷനറിയാണ് അച്ചൻ. അദിലാബാദ് മിഷനിൽ സഭയുടെ കാരിസമായ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾക്കും സാമൂഹിക പ്രവർത്തനങ്ങൾക്കും വലിയ സാഹചര്യം ഉണ്ടെന്ന് എബിനച്ചൻ പറയുമായിരുന്നു. ആരോഗ്യപരമായി കഴിഞ്ഞ വർഷങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടായപ്പോൾ ഞങ്ങൾ പലരും അച്ചനോട് നാട്ടിൽ വന്ന് ശുശ്രൂഷ ചെയ്തുകൂടെ എന്ന് ചോദിച്ചിട്ടുണ്ട്. അപ്പോൾ അച്ചൻ പറയുമായിരുന്നു. ‘‘ഇവിടെ എന്നെ ആവശ്യമുണ്ട്, നമുക്ക് പ്രവർത്തിക്കാൻ സാഹചര്യങ്ങൾ ഉണ്ട്.”

സ്നേഹം നിറഞ്ഞ ഞങ്ങളുടെ പ്രിയ സഹോദരൻ എബിൻ കുഴിമുള്ളിൽ വി. ചെറുപുഷ്പത്തിന്റെ മിഷൻ തീക്ഷ്ണതയാൽ ജ്വലിച്ച വ്യക്തിയായിരുന്നു. പഞ്ചഭൂഖണ്ഡങ്ങളിലും സുവിശേഷം അറിയിക്കാൻ ആഗ്രഹിച്ച വിശുദ്ധയുടെ ചൈതന്യവും ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഊന്നൽകൊടുത്ത് ചെറുതാകാനും ചെറിയവരെ ശുശ്രൂഷിക്കാനും ആഹ്വാനം ചെയ്ത സഭാസ്ഥാപകനായ പെരി. ബഹു. ബസീലിയൂസച്ചന്റെ തീക്ഷ്ണതയും എബിനച്ചനിൽ സമജ്ഞസമായി സമ്മേളിച്ചിരുന്നു.

സ്വർഗ്ഗത്തിലെ പ്രിയ കൂട്ടുകാരാ, നീ ഞങ്ങൾക്കായ് തീർത്ത പാഠങ്ങൾ ഉൾക്കൊള്ളുവാനും വെല്ലുവിളികൾ സ്വീകരിക്കാനും ചെറുപുഷ്പ തനയർക്കുവേണ്ടി പ്രാർത്ഥിക്കണമേ! പ്രിയ എബിനെ നീ മരിക്കാത്ത ഓർമ്മയാണ്. അനേകം മനസുകളിൽ കെടാത്ത വിളക്കാണ്. എന്നും ഒത്തിരി സ്നേഹത്തോടെ ഓർക്കാനാണ് ഞങ്ങൾക്ക് ഇഷ്ടം.

◆

# മായാത്ത പുഞ്ചിരി

ബ്ര. സഞ്ജു പുതിയിടത്ത് സി.എസ്.റ്റി.

നിഷ്കളങ്കതയുടെ തേരിലേറി സ്നേഹത്തിന്റെ ആ പുഞ്ചിരി സ്വർഗ്ഗമേഘങ്ങൾക്കിടയിൽ നിന്ന് ഇപ്പോഴും നമ്മെ ഉറ്റുനോക്കുന്നുണ്ട് എന്നൊരു തോന്നലാണ് ബെന്നി അച്ചനെക്കുറിച്ച് ഓർത്തപ്പോൾ ആദ്യം അന്തരാത്മാവിൽ മിന്നിമറഞ്ഞ വാക്യം. ചുറ്റുമുള്ള ഇരുട്ടിനെ പഴിക്കാതെ സ്വയം ഒരു മെഴുകുതിരിയായി കത്തിയെരിഞ്ഞ് തങ്ങളാൽ കഴിയുന്ന പ്രകാശം ലോകത്തിന് പകരുക എന്ന ഗുരുമന്ത്രം നാം പലയാവർത്തി ധ്യാനിച്ചിട്ടുള്ള വരാണ്. എങ്കിലും ബെന്നി അച്ചന്റെ  ജീവിതത്തോട് ചേർത്തു വായിക്കുമ്പോൾ ജീവിതത്തിൽ പ്രകാശം പകരുന്ന മെഴുതിരിയായി, പ്രതീക്ഷ നൽകുന്ന വഴിവിളക്കായി മാറുവാൻ അച്ചന് പലപ്പോഴും സാധിച്ചിട്ടുണ്ട്. തീർത്തും ചിട്ടയായ ഒരു സമർപ്പണ ജീവിതത്തിലൂടെ ദൈവത്തോടും ദൈവജനത്തോടും വിശ്വസ്തനായതിനാലാവണം ദൈവം അച്ചനെ നേരത്തെ തന്നിലേയ്ക്ക് ചേർത്തിരുത്തിയത്. ഏവരോടും സ്നേഹം നിറഞ്ഞ ഒരു പുഞ്ചിരിയോടെ, വീണ്ടും സുവിശേഷത്തിന്റെ ആനന്ദം പകർന്നു കൊടുക്കുവാൻ തന്റെ ഈ കൊച്ചു ജീവിതത്തിലൂടെ അച്ചൻ എന്നും പരിശ്രമിച്ചുകൊണ്ടിരുന്നു. സ്നേഹം നിറഞ്ഞ ഒരു സഹപ്രവർത്തകനോ ഗുരുനാഥനോ എന്നതിലുപരി ബെന്നിയച്ചൻ എല്ലാവരോടും തുലനം ചെയ്യാനാവാത്ത ആത്മബന്ധം സ്ഥാപിച്ച വ്യക്തിത്വത്തിനുടമ യായിരുന്നു. ഒരു തരത്തിൽ അച്ചന്റെ ജീവിതം ഗാന്ധിജി പറഞ്ഞതുപോലെതന്നെ അച്ചന്റെ സന്ദേശമായിരുന്നു. നന്മയിലേക്ക് കടന്നുവരുന്നവരിലേയ്ക്ക് എല്ലാം നന്മയുടെ പുലരി വിരിയിക്കുന്ന വിശുദ്ധമായ ജീവിതമായിരുന്നു അച്ചന്റേത്. തന്റെ വിശുദ്ധബലിയിലും യഥാർത്ഥ ജീവിതത്തിലും എന്നും കൃത്യത പാലിച്ചിരുന്ന അച്ചൻ എന്നും സഭാംഗങ്ങൾക്കും വൈദിക വിദ്യാർത്ഥികൾക്കും മാതൃകയും പ്രചോദനവുമായിരുന്നു.

നിഷ്കളങ്കമായി പുഞ്ചിരി തൂകികൊണ്ട് എല്ലാവരിലേയ്ക്കും കടന്നുചെല്ലുവാനും തന്നിൽ നിറഞ്ഞുനില്ക്കുന്ന സന്തോഷം മറ്റുള്ളവർക്കു പകർന്നു കൊടുക്കുവനും അച്ചൻ എന്നും

മുന്നിൽതന്നെയായിരുന്നു. നീയും പോയി അതുപോലെ ചെയ്യുക എന്ന ഗുരുമന്ത്രം എന്നും ഹൃദയത്തിൽ കാത്തുസൂക്ഷിച്ച് മറ്റുള്ളവരോട്, പാവങ്ങളോട് സ്നേഹത്തോടെ പ്രവർത്തിക്കുവാനും നല്ലൊരു മിഷനറിയായി തീരുവാനും എന്നും ആ ഹൃദയം തുടിച്ചുകൊണ്ടേയിരുന്നു. തനിക്ക് ലഭിച്ച നന്മകളെ അതിന്റെ ഇരട്ടിയാക്കി തന്റെ പക്കലേക്ക് വരുന്നവർക്ക് പങ്കുവച്ചു കൊടുക്കുവാൻ അച്ചൻ എന്നും ശ്രമിച്ചുകൊണ്ടേയിരുന്നു. ഏതൊരു സാഹചര്യത്തോടും പരിമിതപ്പെട്ട് ജീവിക്കുവാനും എളിമയോടും വിനയത്തോടും കൂടെ സഭയുടെ പ്രവർത്തനങ്ങളോട് ചേർന്നുനില്ക്കുവാനും സഭ ആവശ്യപ്പെടുന്ന ചുമതലകൾ കൃത്യതയോടെ നിറവേറ്റുവാനും അച്ചൻ എന്നും തല്പരനായിരുന്നു. ഏതൊരു സാഹചര്യത്തോടും തീരുമാനങ്ങളോടും തന്റേതായ നീതിന്യായ വ്യവസ്ഥകളിലൂടെ പ്രതികരിച്ച അച്ചൻ തന്റെ ഹൃദയത്തെ പരിവർത്തനപ്പെടുത്തിയത് വ്യക്തിപരമായ പ്രാർത്ഥനാജീവിതത്തിലൂടെയും മാതാവിനോടുള്ള അതിരറ്റ ഭക്തിമാർഗ്ഗത്തിലൂടെയുമത്രേ. പരിശുദ്ധ അമ്മയോടു ചേർന്നു നില്ക്കുവാനും എന്നും വിദ്യാർത്ഥികളെ പഠിപ്പിക്കുവാനും അച്ചൻ തല്പരനായിരുന്നു. ഇപ്രകാരം അച്ചൻ തന്റെ പ്രവർത്തനങ്ങളിലും പ്രാർത്ഥനാ ജീവിതത്തിലും എന്നും മികവു പുലർത്തിയും മറ്റുള്ളവർക്കു മാതൃക നല്കിയും ജീവിച്ചിരുന്നു.

അച്ചനെ ഓർക്കുമ്പോൾ നിറഞ്ഞ ഹൃദയത്തോടെ ആ സ്നേഹം നിറഞ്ഞ പുഞ്ചിരിയെ നമുക്കോർക്കാം. മായാത്ത മറയാത്ത ആ പുഞ്ചിരിയിൽ ലോകത്തോട് പറയാനുള്ളതൊക്കെ അച്ചൻ ഒളിപ്പിച്ചിട്ടുണ്ട് എന്ന് തോന്നിപ്പോവുകയാണ്. ഇന്ന് നാം ആ നന്മയിലേയ്ക്ക് നിറകണ്ണുകളോടെ കരമുയർത്താം പ്രാർത്ഥിക്കാം. കാരണം, അച്ചൻ നമ്മിൽ നിന്ന് യാത്രയായത് നമ്മുടെ യാത്രകൾക്ക് വഴിയൊരുക്കുവാനാണ്. എല്ലാവരേയും സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന ദൈവപിതാവിന്റെ ഹൃദയത്തിലേക്ക് നമ്മെയും ഒത്തുചേർക്കുവാനാണ്.

◆

# ധീരതയുടെ യോദ്ധാവും ഗുരു സ്നേഹത്തിന്റെ കർമ്മസാക്ഷിയും

ബ്ര. സിബിൻ പാണ്ടിയപ്പിള്ളി സി.എസ്.റ്റി.

ജീവിതവഴിത്താരയിൽ ധീരതയുടെ വെള്ളിവെളിച്ചം പ്രതിഫലിപ്പിച്ച് വിശ്വാസത്തിന്റെ ധീരയോദ്ധാവായി ജന്മം മുഴുവൻ ഒരു തച്ചന്റെ മകനുവേണ്ടി, അവഹേളനങ്ങൾ ഏറ്റുവാങ്ങിയവനു വേണ്ടി, കുരിശിൽ തറക്കപ്പെട്ടവനുവേണ്ടി, വ്യയം ചെയ്ത ഒരു കർമ്മസാക്ഷി. ഗുരു മൊഴികൾക്ക് യഥോചിതം ആമേൻ പറഞ്ഞ, ഗുരുവിന്റെ പാതെ ധീരതയോടെ മുന്നേറി അടിയറവ് വെച്ച ധീര രക്തസാക്ഷി. സ്വത്വബോധത്തിൽ നിന്നും ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഊഷ്മളമായ ക്രിസ്തു അനുഭവങ്ങൾ ഭാവ മൂർച്ഛയോടെ നിറഞ്ഞു നിൽക്കുന്നു ഈ ജന്മത്തിൽ. അതിഭാവുകത്വം ഒട്ടും കലരാതെ വാക്കുകളിലും പ്രവൃത്തികളിലും യാഥാർത്ഥ്യ ങ്ങളുടെ തീവ്രഭാവവും വിശുദ്ധിയുടെ തൈലാഭിഷേകവും ഗുരു സ്നേഹത്തിന്റെ നീർച്ചാലും തളംകെട്ടി നിൽക്കുന്ന ജീവിതം. വിശ്വാസ ജീവിതത്തിന്റെ ഉത്തമമാതൃക. ഇതാണ് ഇന്ത്യൻ ക്രൈസ്തവസഭയുടെ സ്ഥാപകനും യേശുവിന്റെ ശിഷ്യരിൽ ഒരാളുമായ തോമാശ്ലീഹായെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ നിഴലിച്ചു നിൽക്കുക.

വിശ്വാസത്തിന്റെ യോദ്ധാവ് എന്ന വിശേഷണം മാത്രമല്ല, യേശുവിന്റെ വിശ്വസ്തൻ എന്ന വിശേഷണവും തോമസിന് ലഭിച്ചിരുന്നു. അകമഴിഞ്ഞ ഭക്തിയുടേയും ഗുരു സ്നേഹത്തിന്റെയും പ്രതീകമായി വിളങ്ങുന്ന തോമസ് ക്രൈസ്തവസഭ മുഴുവന്റെയും എന്നല്ല ലോകജനതയുടെ മുഴുവന്റേയും മാതൃകയായി തീരുകയാണ്. മൂന്നു വർഷക്കാലം ഗുരുവിനോട് ഒത്തു ചരിച്ചെങ്കിലും ഗുരുവിനു യാതന വന്നപ്പോൾ അവനിൽ നിന്നും മാറിപ്പോകുന്ന ശിഷ്യരുടെ മുമ്പിൽ “നമുക്കും അവനോടൊപ്പം പോയി മരിക്കാം” എന്ന് പറഞ്ഞ് ധീരസാക്ഷ്യം നടത്തിയ തോമസ് ഇന്നും ഈ കൊറോണക്കാലത്തും നമുക്കെല്ലാം മാതൃകാപുരുഷനായി

മാറുകയാണ്. മാത്രമല്ല ഉത്ഥാനാനന്തരം ക്രിസ്തു, ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടു എന്ന് അറിഞ്ഞപ്പോൾ വിശ്വാസരാഹിത്യം പ്രകടിപ്പിച്ച തോമസ് അവന്റെ സ്പർശനത്തിലൂടെ മാത്രമേ വിശ്വസിക്കുകയുള്ളൂ എന്ന് ശാഠ്യം പിടിക്കുമ്പോൾ താൻ വിശ്വസിച്ച ക്രിസ്തുവിനെ, തന്റെ ജീവിതത്തിലേക്ക് ഹൃദയത്തിലേക്ക് ക്ഷണിക്കുകയായിരുന്നു. ഈയൊരു മനോഭാവമാണ് രണ്ടായിരം വർഷത്തിന് ശേഷവും നാമെല്ലാം സ്വീകരിക്കേണ്ടത്.

അരക്ഷിതാവസ്ഥകൾ അപ്രതീക്ഷിതമായി ജീവിതത്തിൽ അതിഥികളായി കയറിവരുമ്പോൾ അതിനെ ദൈവഹിതത്തോടെ സ്വീകരിക്കുവാനും അതിനനുസരിച്ച് ജീവിക്കുവാനും പ്രാപ്തമാക്കണം നമ്മുടെ ജീവിതം. ധീരതയോടെ യാതനകളെ ഏറ്റെടുക്കുവാൻ വിശുദ്ധ തോമസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രതിസന്ധികൾ കൂടപ്പിറപ്പിനെ പോലെ കയറിക്കൂടുമ്പോൾ “നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്ന് ഉദ്ഘോഷിച്ച തോമസിന്റെ ധൈര്യവും, വിശ്വാസയോഗ്യതയും അടിയുറച്ച ക്രിസ്തു സ്നേഹവും ജീവിതത്തിൽ വിളങ്ങിയാൽ ഏതു യാതനയും സ്നേഹപൂർവ്വം ഏറ്റെടുക്കുവാൻ നമുക്കു സാധിക്കും.

ക്രൈസ്തവ വിശ്വാസത്തിന് മങ്ങലേറ്റു കൊണ്ടിരിക്കുന്ന, ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. നമുക്ക് അറിയാവുന്നതുപോലെ കൊറോണ എന്ന വിപത്ത് ലോകത്തെ കാർന്നു തിന്നാൻ തുടങ്ങിയിട്ട് രണ്ട് വർഷത്തിലേക്ക് അടുക്കുന്നു. മനുഷ്യജീവിതങ്ങളെ മാത്രമല്ല, കൊറോണ നമ്മുടെ എല്ലാം വിശ്വാസത്തെയും ക്ഷതം ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്തൊക്കെയാണ് നമ്മുടെ വിശ്വാസത്തിന് വന്ന പരിണിതഫലങ്ങൾ:

ക്രൈസ്തവ വിശ്വാസത്തിന്റെ നെടുംതൂണായ വിശുദ്ധ കുർബ്ബാനയിൽ സജീവമായ പങ്കാളിത്തം നഷ്ടമാകുന്നു.

കൂദാശകളുടെ സ്വീകരണം ഇല്ലാതാകുന്നു.

ഓൺലൈൻ മാസ് ആയതോടുകൂടി ഇതൊക്കെ മതി എന്ന ചിന്ത

കൊറോണനന്തരകാലത്തും ജനതയെ പ്രത്യേകിച്ച്, യുവജനങ്ങളെ പള്ളിയിൽ പോകാൻ അനുവദിക്കാത്ത മാനസികാവസ്ഥയിലേക്ക് കൂട്ടിക്കൊണ്ടുപോകും.

മാധ്യമങ്ങളുടെ അതിപ്രസരം കുടുംബപ്രാർത്ഥനകൾക്കും മങ്ങലേൽപ്പിക്കുന്നു.

ഇപ്രകാരം വലിയൊരു നാശത്തിന്റെ വക്കിലാണ് ഇന്ന് ക്രൈസ്തവ ജനത. തോമാശ്ലീഹായെപ്പോലെ നാമും ജീവിതത്തിൽ സ്വായത്തമാക്കുന്ന വിശ്വാസ തീക്ഷ്ണതയാണ് നമ്മെ പ്രേഷിതത്വ ത്തിലേക്ക് ആനയിക്കുന്നത്, ക്രിസ്തുവിനെ പ്രഘോഷിക്കാൻ ഉള്ള ധീരത കൈവരുത്തുന്നത്. ഇപ്രകാരം ക്രൈസ്തവ ജനതയെ കൊറോണനന്തരകാലത്തും വിശ്വാസത്തിൽ വളർത്താൻ നമുക്കാവണം. പ്രത്യേകിച്ച് ഭാവിജീവിതത്തിന്റെ കാവലാളു കളാവണം നാം.

അങ്ങനെ നന്മയിൽ അടിയുറച്ച് വളരാൻ, വിശ്വാസത്തിന്റെ പ്രഥമ സ്ഥാനീയമായ വിശുദ്ധ കുർബാനയിൽ വിശ്വാസമർപ്പിക്കാൻ, ക്രിസ്തുവിന്റെ സജീവ സാക്ഷികളാകാൻ കൊറോണനന്തര കാലത്തും ക്രൈസ്തവ ജനതയ്ക്ക് ആകും. യേശുവിന്റെ ധീരനായ അനുഗാമിയും, ക്രിസ്തു ശിഷ്യനുമായ തോമാശ്ലീഹായുടെ മാതൃക ജീവിതത്തിൽ പകർത്തി കൊറോണനന്തര കാലത്തും വിശ്വാസത്തിൽ വേരൂന്നി വളരാൻ നമുക്ക് പരിശ്രമിക്കാം. ക്രിസ്തുവിനെ പ്രതി ജീവൻ നഷ്ടപ്പെടുത്തി ജീവൻ നേടുന്ന ആ വലിയ സ്നേഹത്തിലേക്ക് വളരാൻ നമുക്ക് പരിശ്രമിക്കാം. ഏതു വലിയ ആപത്തും നമ്മെ നാശത്തിലേക്ക് നയിച്ചാലും നമ്മുടെ അധരങ്ങളിൽ നിന്നും മൊഴിയാം ആ വത്സല ക്രിസ്തു ശിഷ്യനെപോലെ "എന്റെ കർത്താവേ എന്റെ ദൈവമേ".

◆

# ഗുരുഹൃദയം

ബ്ര. ജോബിൻ പുത്തൻപുരയിൽ സി.എസ്.റ്റി.

"Qualis Seminarister talis saccerdofe" എന്ന ലത്തീൻ ചൊല്ലിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ഇത് ഓരോ വൈദികന്റെയും പരിശീലന കാലഘട്ടത്തിന്റെ സംക്ഷിപ്തരൂപമാണ്.

"സ്വാതന്ത്ര്യമാണ് ഏറ്റവും വിലപ്പെട്ടത് എന്ന സത്യം ഞാൻ മനസിലാക്കിയത് സെമിനാരിയിൽ ചേർന്നതിനു ശേഷമാണ്. ഓടി നടന്ന് കളിയും ചിരിയുമായി കഴിഞ്ഞ ഞാൻ ഒരുപാട് നിയമങ്ങളുള്ള പള്ളിമണികളെ അനുസരിച്ചുകൊണ്ടുള്ള ജീവിതത്തിന് മനപ്പൂർവ്വം കീഴടങ്ങി. മെല്ലെ മെല്ലെ ഞാൻ ആ ജീവിതം കഷ്ടപ്പെട്ട് ഇഷ്ടപ്പെടാൻ തുടങ്ങി." ജോസഫ് അന്നക്കുട്ടി ജോസ് എന്ന എഴുത്തുകാരന്റെ 'ദൈവത്തിന്റെ ചാരന്മാർ' എന്ന പുസ്തകത്തിലെ ജീവിതാനുഭവം, പരിശീലനത്തെ പരീക്ഷണമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ പരിശീലനത്തിന്റെ വിജയം പരിശീലകന്റെ കഴിവിലല്ല, പരിശീലന കേന്ദ്രത്തിന്റെ സൗകര്യങ്ങളിലല്ല. പരിശീലിപ്പിക്കപ്പെടുന്നവന്റെ മനോഭാവത്തി ലാണ്.

"I laughed, when I heard that
the fish in the water is thursty"

എന്ന കബീർദാസിന്റെ വരികളുടെ പ്രസക്തി ചില ചുവരുകൾക്കപ്പുറത്ത് മറഞ്ഞിരിക്കുകയാണ് എന്ന് തോന്നുന്നു. ദൈവാനുഭവത്തിന്റെയും ദൈവപരിപാലനയുടെയും ഇടയിൽ കഴിയുന്നവർക്ക്, വെള്ളത്തിൽ കിടക്കുന്ന മീനിന്റെ ദാഹം പോലെ ദൈവത്തെ അറിയാൻ കഴിയാതെ പോകുന്നുണ്ടോ? എന്ന് സംശയം; ഒരുപക്ഷേ സത്യാനന്തരയുഗത്തിലെ സത്യം! അതിന് കഴിയാതെ വരുമ്പോൾ പലതും കഷ്ടപ്പെട്ട് ഇഷ്ടപ്പെടേണ്ടിവരും. പരിശീലനത്തിൽ ദൈവിക സൂക്ഷിപ്പിന്റെ പക്വമായ മാതൃകകൾ നമുക്ക് ദൈവത്തെ വ്യക്തമാക്കിത്തരും. പരിശീലനം ഒരിക്കലും പരീക്ഷണമാകുന്നില്ല, മറിച്ച് പരിരക്ഷണമാണ്. പരിരക്ഷകനായ

ഗുരുവിന്റെ പദചലനങ്ങൾ സ്വർഗപ്രയാണമാക്കി ഒരു ശിഷ്യന്റെ യാത്രയാണിത്.

"പദചലനങ്ങൾ പ്രദക്ഷിണമാകണേ....
ദേഹം ശ്രീകോവിലാകണേ....
ദു:ഖങ്ങൾ പൂജാപുഷ്പങ്ങളാകണേ....
വചനം മന്ത്രങ്ങളാകണേ...."

ശിഷ്യപ്രയാണം ഒരു രൂപാന്തരീകരണത്തിലേക്കാണ്. താബോർ മലയിൽ കണ്ട ഈശോയുടെ പ്രതിരൂപമാകാനുള്ള യാത്ര. സൂര്യനെ പോലെ വെട്ടിതിളങ്ങുന്ന മുഖവും മഞ്ഞുപോലെ വെളുത്ത ഹൃദയവും തേടിയുള്ള യാത്ര. കടന്നുപോകുന്ന വഴികളിൽ നിന്നും ഒരുപാട് ശുദ്ധീകരണത്തിലൂടെ നീങ്ങേണ്ടി വരുന്നു. പ്രതിബന്ധ ങ്ങൾ തടസ്സങ്ങളല്ല, നിങ്ങൾ ശരിയായ ദിശയിലാണെന്നുള്ള ഓർമ്മപ്പെടുത്തലാണ്. യാത്രയിലുടനീളം ഓർമ്മയിൽ സൂക്ഷിക്കേണ്ട ഒരു സത്യമിതാണ്. അവൻ തേടിയത് അനുകരിക്കുന്നവരെ യല്ലായിരുന്നു. തന്നെ അനുധാവനം ചെയ്യാൻ ഹൃദയസന്നദ്ധത യുള്ളവരെയായിരുന്നു. ഗുരു മുപ്പതു വർഷങ്ങൾ തന്റെ കണ്ണുകളെ സ്ഫുടം ചെയ്തു കണ്ടു തഴമ്പിച്ച കാഴ്ചകളിൽ നിർമ്മല ഹൃദയങ്ങളെ തേടാൻ.

ഗുരുവിനെക്കുറിച്ച് എവിടെയോ കേട്ടത് ഓർക്കുന്നു. "കൂടെ പിതാവുള്ളപ്പോൾ താണ്ടിയ ദൂരവും സഹിച്ച വേദനയും ഒന്നുമവൻ അറിയുന്നില്ല." അതേ, ഇരുളാകുമ്പോഴല്ല തളരുന്നതിനു മുമ്പേ കൂടെ യാത്രയിൽ ദൈവസാന്നിധ്യം ഉണ്ടെന്ന് ഉറപ്പാക്കണം. പൗലോ കെയ്ലോയുടെ ആൽക്കമിസ്റ്റ് എന്ന നോവലിലെ ഇടയച്ചെറുക്കന്റെ യാത്ര പോലെ ഓരോ ശിഷ്യനും വർഷങ്ങൾ രൂപാന്തരീകരണ ത്തിന്റെ പാതയിൽ ആയിരിക്കുമ്പോൾ തിരിച്ചറിയുക, ഞാനാകുന്ന നിധിയാണതെന്ന്. എന്നിലെ വ്യക്തിത്വത്തിന്റെ ആന്തരിക തേജോരൂപധാരണവും (Transfiguration), അതിലംഘനവും (Transcendence), യേശുവോടൊത്തുള്ള അനുരൂപപ്പെടലും (configuration), ആണ് ഞാനാകുന്ന നിധി.

